# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.6002 - 02/04/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ.രാജു എബ്രഹാം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പാതിരിച്ചടവ് സഹായ പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; പദ്ധതി യുടെ ലക്ഷ്യം എന്തൊക്കെയാണ്; | ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും എന്നാൽ തൊഴിലില്ലായ്മ, താഴ്ന്ന നിരക്കിലെ ശമ്പള വ്യവസ്ഥ തുടങ്ങിയ കാരണ ങ്ങളാൽ ലോൺ തിരിച്ചടയ്ക്കുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്ന, താഴ്ന്നതും മദ്ധ്യ ശ്രേണിയിലുള്ളതുമായ വരുമാന വിഭാഗ ക്കാരെ സഹായിക്കുക എന്നതാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ ഉദ്ദേശ്യം. ഈ പ ദ്ധതിയ്ക്ക് 2016 ഏപ്രിൽ 1-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് നടപ്പിലാക്കി കഴിഞ്ഞു. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിൽ യോഗ്യമായവയ്ക്ക് പദ്ധതി മാനദണ്ഡ ങ്ങൾക്കനുസൃതമായി വായ്പാ തിരിച്ചടവ് ധനസഹായം നൽകുന്നതി നുള്ള പ്രവർത്തനങ്ങൾ പുരോഗമി ക്കുകയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ആദ്യഗഡു സർക്കാർ വിഹിതം അനുവദിച്ചു കഴിഞ്ഞു. |
| ബി | ഏതൊക്കെ കോഴ്സ് പഠിച്ചവർക്കാണ് ആനുകൂല്യം ലഭിക്കുക; സംസ്ഥാനത്തിന് പുറത്ത് പഠിച്ചവർക്ക് ഈ ആനുകൂല്യം ലഭിക്കുമോ; ലഭിക്കുമെങ്കിൽ ഏതൊക്കെ കോഴ്സ് പഠിച്ചവർക്കാണ് ആനുകൂല്യം ലഭിക്കുക; അർഹരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; വാർഷിക വരുമാനം എത്രയാണ് നിശ്ചയിച്ചിരിക്കുന്നത്; | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 16.05.2017 തീയതിയിലെ സ.ഉ.(പി) നം. 65/2017/ധന, 12.07.2017 തീയതിയിലെ സ.ഉ.(പി) നം. 89/2017/ധന, 30.10.2017 തീയതിയിലെ സ.ഉ.(പി)നം. 135/2017/ധന എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറ പ്പെടുവിച്ചിട്ടുണ്ട്. 02.08.2017-ലെ 61/2017/ ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും 20.11.2017 തീയതി |
| സി | ഏതൊക്കെ ധനകാര്യ സ്ഥാപന ങ്ങളിൽ നിന്നും വായ്പയെടുത്തവർ ക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക; | |

| | | |
|---|---|---|
| | | യിലെ 81/2017/ധന സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതിയനുസരിച്ച്, വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.<br><br>(i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ / സ്റ്റാൻഡേർഡ് അക്കൗണ്ട് (Non NPA / Standard Account). (ii) 31.03.2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016 -ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ട്.<br><br>ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• സ്റ്റാന്റേർഡ് അക്കൗണ്ടുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി, 01.04.2016നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള, പരമാവധി നാലു വർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.<br><br>• കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും. |

• 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016-ന് നിഷ്ക്രീയ ആസ്തിയായിരിക്കുകയും ചെയ്തിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 60% വും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് ഒരു സ്പെഷ്യൽ പാക്കേജിലൂടെ ബാങ്കുകൾ വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കാൻ തയ്യാറാകുന്ന പക്ഷം കുടിശ്ശിക യായിട്ടുള്ള മുതലിന്റെ 50% (പരമാവധി 2,40,000/- രൂപ വരെ) വും സർക്കാർ സഹായം നൽകുന്നതാണ്.

• വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്ന പക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടം മൂലമോ അസുഖം മൂലമോ ശാരീരികമായോ മാനസികമായോ 80% -മോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ, മരണപ്പെട്ടു പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും, തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.

• മാനേജ്മെന്റ്/എൻ.ആർ.ഐ ക്വോട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല. എന്നാൽ മാനേജ്മെന്റ് ക്വോട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.

• ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| | | • ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ഗ്രാജുവേറ്റ് / പോസ്റ്റ് ഗ്രാജുവേറ്റ് / ഡിപ്ലോമ കോഴ്സുകൾക്ക് ഏതെങ്കിലും ആദ്യത്തെ ഒന്നിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.<br><br>വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പ യെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% -മോ അധികമോ അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും. |
| ഡി | സംസ്ഥാനത്തെ വിവിധ സമുദായങ്ങൾക്കായുള്ള വികസന കോർപ്പറേഷനുകൾ മുഖേന വായ്പയെടുത്തവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കോർപ്പറേഷൻ മുഖേന വിദ്യാഭ്യാസ വായ്പയെടുത്തിരിക്കുന്ന മുഴുവനാളുകൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ? | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം സർക്കാർ പ്രഖ്യാപിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (KSCARD), ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നെടുത്ത വിദ്യാഭ്യാസ വായ്പകൾക്കാണ് തിരിച്ചടവ് സഹായം ലഭിക്കുന്നത്. സംസ്ഥാനതല ബാങ്കിംഗ് സമിതിയിൽ ഉൾപ്പെട്ട ബാങ്കുകളെയാണ് ഇപ്രകാരം ഉൾപ്പെടുത്തി യിരിക്കുന്നത്. വിവിധ വികസന കോർപ്പറേഷനുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുകയില്ല. |

സെക്ഷൻ ഓഫീസർ